**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - വെട്ടം ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും പിൻവലിച്ചതും അനർഹമായി അനുവദിച്ചതായി കണ്ടെത്തിയതിനാൽ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കിയതുമായ തുക ഗ്രാമപഞ്ചായത്തിന് തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - എ) വകുപ്പ്**

**സ.ഉ.(സാധാ) നം.3329/2020** **തീയതി ,തിരുവനന്തപുരം, 01.06.2020**

പരാമർശം :- 1) വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/03/2020 ലെ എ 1-1216/20 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വെട്ടം ഗ്രാമപഞ്ചായത്ത് മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ പദ്ധതിയ്ക്കായി വികസന ഫണ്ട് ജനറൽ ഹെഡിൽ നിന്നും പിൻവലിച്ചതും അനർഹമായി അനുവദിച്ചതായി കണ്ടെത്തിയതിനാൽ ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കിയതുമായ 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) "3604 റിക്കവറി ഓഫ് ഓവർ പേയ്മെന്റ്സ്" എന്ന ശീർഷകത്തിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ആയതിനാൽ 2019-20 സാമ്പത്തിക വർഷം സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച പ്രസ്തുത തുക പദ്ധതി ചെലവിലേയ്ക്കായി തിരികെ അനുവദിക്കണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2019-20 സാമ്പത്തിക വർഷം വെട്ടം ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിലെ പൊതു വിഭാഗത്തിൽ നിന്നും പിൻവലിക്കുകയും ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചെയ്ത 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) വെട്ടം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ടിലേക്കുള്ള അധിക അലോട്ട്മെന്റായി '3604-00-200-86-(05)-35' എന്ന കണക്ക് ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.ഒ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വെട്ടം ഗ്രാമപഞ്ചായത്ത്, വെട്ടം പി.ഒ., മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ലിയു-ജെ/ഡെവലപ്.വിംഗ്/എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ-1488874)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**